(10) പ്രൊഫഷണൽ വിദ്യാലയങ്ങളിലെ എസ്.സി./എസ്.ടി വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

ശ്രീ. പി.കെ. കുമാരൻ : സർ, കേരളത്തിലെ പ്രൊഫഷണൽ കോളേജുകളിലും മെഡിക്കൽ, എഞ്ചിനീയറിംഗ് വിഭാഗങ്ങളിലുമായി പഠിക്കുന്ന പട്ടിക ജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ബഹുമാനപ്പെട്ട ഗവണ്മെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. ഈ ഗവണ്മെന്റ് അധികാരത്തിൽവന്നതിനുശേഷം ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രൈമറി, യു.പി., ഹൈസ്കൂൾ, പോസ്റ്റ് മെട്രിക് എന്നീ മേഖലകളിലായി 15 രൂപ മുതൽ ഏതാണ്ട് 120 രൂപ വരെയുള്ള വർദ്ധനവ് വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ ഈ ഗവണ്മെന്റ് വരുത്തിയിട്ടുണ്ട്. അതുമാത്രമല്ല, ഈ വിഭാഗങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി ഒട്ടേറെ ഇൻസെന്റീവ് നൽകാനും തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷമാണെങ്കിൽ എസ്.എസ്.എൽ.സി.ക്ക് പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ ഏർപ്പെടുത്തുകയുണ്ടായി. എന്നാൽ ഞാൻ നേരത്തെ സൂചിപ്പിച്ച മെഡിക്കൽ, എഞ്ചിനീയറിംഗ് തുടങ്ങി മറ്റു പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിച്ചില്ല. 1994-ലാണ് സർക്കാർ ഒരു ഉത്തരവ് പുറപ്പെടുവിച്ചത്. അതിനുശേഷം ജീവിതസാഹചര്യങ്ങൾ വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. കേന്ദ്രഗവണ്മെന്റിന്റെ സാമ്പത്തിക നയനടപടിയുടെ ഫലമായി ജീവിതത്തോത് വർദ്ധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ജീവിതബുദ്ധിമുട്ടുകൾ ഏറുകയും ചെയ്തിട്ടുണ്ട്. ഈ കാര്യങ്ങളിൽ വേണ്ടത്ര പരിഗണന ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. ഇപ്പോൾ ഈ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. തീർച്ചയായും പ്രൊഫഷണൽ കോളേജുകളിലും മെഡിക്കൽ, എഞ്ചിനീയറിംഗ് വിഭാഗങ്ങളിലുമൊക്കെ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവണ്മെന്റിനോടും ഞാൻ വിനീതമായി അപേക്ഷിക്കുന്നു.

പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ഒറ്റ വാക്കിലാണ് ഉത്തരം പറയുന്നത്. കേരളത്തിലെ മെഡിക്കൽ, എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ കോളേജുകളിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപന്റും ലംപ്സംഗ്രാന്റും മറ്റു വിദ്യാഭ്യാസാനുകൂല്യങ്ങളും വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(11) കൊച്ചി നഗരത്തിലേയും സമീപപ്രദേശങ്ങളിലേയും കുടിവെള്ള വിതരണത്തിലുണ്ടായ സ്തംഭനാവസ്ഥ

ശ്രീ. കെ.ബാബു : സർ, കഴിഞ്ഞ പത്തു ദിവസമായി കൊച്ചി നഗരത്തിലും തൃപ്പൂണിത്തുറ, മരട്, കുമ്പളങ്ങി, ചെല്ലാനം, കൊച്ചിൻ നേവി തുറമുഖം, ഷിപ്പ്യാർഡ്, മുളവുകാട്, കടമക്കുടി, വൈപ്പിൻ, കളമശ്ശേരി, തൃക്കാക്കര പ്രദേശങ്ങളിലും ആലുവാ, പറവൂർ മുനിസിപ്പൽ പ്രദേശങ്ങളിലും കുടിവെള്ളം മുടങ്ങി. ശുദ്ധജലമില്ലാതെ നഗരത്തിൽ ചെറുകിട ഹോട്ടലുകൾ പ്രവർത്തിച്ചില്ല. വലിയ ഹോട്ടലുകളിൽ ടാങ്കർ ലോറികളിലാണ് വെള്ളം

LIBRARY ARCHIVES Kerala Legislative Assembly